പ്രകാരമാണ് ചേംബറിൽ യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ വച്ച് ചില നടപടികൾ എടുക്കാമെന്ന് പറഞ്ഞു. ചില അശാസ്ത്രീയതകൾ ഉണ്ടെന്ന് അങ്ങനെ സൂചിപ്പിച്ചു. ആ അശാസ്ത്രീയത പരിഹരിക്കുന്നതിനുവേണ്ട നടപടിയെടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശമനുസരിച്ച് നടപടി ഇടരുന്നില്ലെന്ന് അങ്ങ് പറഞ്ഞത് ഞാൻ വാക്കാൽതന്നെ ഉൾക്കൊള്ളുന്നു. അത് സംബന്ധിച്ച നിർദ്ദേശങ്ങൾ എഴുതികൊണ്ട് നടന്നില്ലെന്നത് പരിശോധിക്കുന്നതാണ്.

11. മിനി ഫിഷിംഗ് ഹാർബർ

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, കൊല്ലം ജില്ലയിൽ പരവൂർ തെക്ക് ഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന പ്രഖ്യാപനം വന്നിട്ട് ഇരുപത്തിയഞ്ച് വർഷമായി. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടതായിരുന്നു. ഇപ്പോൾ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ ഗവൺമെന്റ് അതിന് സ്ഥലം നിർണ്ണയിക്കുകയും മാതൃകാപഠനം നടത്തുന്നതിന് പണമനുവദിക്കുകയും പുനെ ആസ്ഥാനമായി നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പഠനം നടത്തുകയുമാണ്. പരിസ്ഥിതി ക്ലിയറൻസ് ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളെല്ലാം വൈകുകയാണ്. മിനി ഫിഷിംഗ് ഹാർബർ എന്ന നിലയിലാണ് പദ്ധതിയാവിഷ്കരിച്ച് മുന്നോട്ടുപോയതെങ്കിലും ആഴക്കടൽ മത്സ്യബന്ധനത്തിനാവശ്യമായ പ്രകൃതിജന്യ സൗകര്യമുള്ള സ്ഥലമാണിതെന്നാണ് പ്രാഥമിക പഠനത്തിൽനിന്നും മനസ്സിലാകുന്നത്. ദീർഘനാളുകളായിട്ടുള്ള ഒരാവശ്യമായ ഈ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനും സമയബന്ധിതമായി പണിയാരംഭിക്കുന്നതിനും ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) : സർ, സൗത്ത് പരവൂർ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 30-3-2013-ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന പൂർത്തീകരിക്കും. മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാപഠനം നാലുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃകാപഠനത്തിനുശേഷം പത്തുമാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനം നടത്തേണ്ടതായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാരിസ്ഥിതികാനുമതി ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ജയലാൽ പറഞ്ഞ ഈ പ്രശ്നം വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിനുമുൻപ് കല്ലിട്ടകാര്യം പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽ ഇല്ല. ഇരുപത്തിയഞ്ച് കൊല്ലം മുൻപ് ഹാർബറുകൾ നിർമ്മിക്കുന്നതിന് പാരിസ്ഥിതിക പഠനമോ അല്ലെങ്കിൽ ഇതുപോലുള്ള മറ്റുപഠനമോ ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോഴാണ് ഈ പ്രശ്നങ്ങളെല്ലാം വന്നത്. ഇതൊന്നും ആവശ്യമില്ലാത്ത കാലത്തായിരിക്കും ഈ വകപ്പ് കൈകാര്യം ചെയ്ത അന്നത്തെ മുഖ്യമന്ത്രി കല്ലിട്ടിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതി പഠനവും മോഡൽ സ്റ്റഡിയും ആവശ്യമാണ്. അതിന് ഈ ഗവൺമെന്റ് ഏറ്റവും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

12. വിഴിഞ്ഞം പുനരധിവാസ പാക്കേജ്

<u>ശ്രീമതി ജമീലാ പ്രകാശം</u> : സർ, കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന് മുന്നോടിയായി പദ്ധതി പ്രദേശത്തുണ്ടാകാൻ പോകുന്ന പരിസ്ഥിതി വ്യതിയാനത്തെയും അല്ലുവഴി ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളേയും പറ്റി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതിന് സമാന്തരമായിത്തന്നെ സുസ്ഥിര പ്രാദേശിക വികസനത്തിനും ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിനും സംരക്ഷണത്തിനുമായി സർക്കാർ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി വിശദമാക്കുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണത്തിനാവശ്യമായി വരുന്ന 7500 കോടിയിൽപരം രൂപയുടെ അഞ്ച് ശതമാനമെങ്കിലും സുസ്ഥിര പ്രാദേശിക വികസനം, ആവാസവ്യവസ്ഥയുടെ സംരക്ഷണം, പുനരധിവാസം തുടങ്ങിയവയ്ക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. എന്നാൽ നീക്കിവയ്ക്കുന്നതായി ഇപ്പോൾ പറഞ്ഞിരിക്കുന്നത് 140 കോടി രൂപ മാത്രമാണ്. നമ്മുടെ രാഷ്ട്രത്തിന് ഈ വിവിധോദ്ദേശ്യ ആഴക്കടൽ ഇറമുഖ പദ്ധതികൊണ്ടുണ്ടാകുന്ന വമ്പിച്ച നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുക തുലോം തുച്ഛമായതെങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം നിർമ്മിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രാദേശിക വികസന സംരക്ഷണ പുനരധിവാസ പദ്ധതികളുടെ വിശദവിവരങ്ങളുൾക്കൊള്ളിച്ച് ഒരു പാക്കേജ് ഉടൻതന്നെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. വസ്തുനഷ്ടപ്പെടുന്നവർക്കും തൊഴിൽ ചെയ്യാനുള്ള സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly